റിപ്പോർട്ട് സമർപ്പണം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സബ്ജക്ട് കമ്മിറ്റി II–ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2013–ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി സബ്ജക്ട് കമ്മിറ്റി VII –ലെ അംഗമായ ഞാൻ സമിതിയുടെ 2013–2014–സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സബ്ജക്ട് കമ്മിറ്റി XIV –ന്റെ അദ്ധ്യക്ഷനായ ഞാൻ 2013–2014–സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളി ന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും രാസപരിശോധനശാല– അനിവാര്യ മായ വികസന പ്രവർത്തനങ്ങൾ എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സമർപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ടാമതും ഇരുപത്തിമൂന്നാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.